95.

കാർമ്മൽ അവതരിപ്പിക്കുന്ന
ക്രിയേററർ ആർട്ട്സിൻെറ



# അഴിമുഖം

# യവനികയിൽ

മധു, ഉമ്മർ, ജയഭാരതി,
സുജാത, ജോസ്പ്രകാശ്, അടൂർഭാസി,
നെല്ലിക്കോട്ട് ഭാസ്കരൻ, ബഹദൂർ
മണവാളൻ ജോസഫ്, ടി. കെ. ബാലചന്ദ്രൻ
ലത്തീഫ്, മഞ്ചേരി ചന്ദ്രൻ. ഹനീഫ,
ജെ. എ. ആർ. ആനന്ദ്, ജയകുമാരി, വിജയ,
ശ്രീലത, വഞ്ചിയൂർ രാധ,
*ETC.*

# യവനികയ്ക്കു പിന്നിൽ

| | |
|---|---|
| കഥ | പി. കെ. മാത്യു |
| തിരക്കഥ, സംഭാഷണം | ജേസി |
| ഗാനരചന | മങ്കൊമ്പു ഗോപാലകൃഷ്ണൻ |
| | ഷാഹുൽഹമീദ് (പൂച്ചാക്കൽ) |
| സംഗീതം | ബാബുരാജ് |
| കലാസംവിധാനം | ശ്രീനി |
| റിക്കാർഡിങ്ങ് } | വിശ്വനാഥൻ (എ.വി.എം) |
| റീറിക്കാർഡിങ്ങ് } | എം.ബി.വാൽക്കെ (വാസു) |
| | സതീശൻ (പ്രകാശ്) |
| നൃത്തസംവിധാനം | ഇ. മാധവൻ |
| സ്റ്റണ്ട് | ശങ്കർ (എം. ജി. ആർ. പാർട്ടി) |
| പ്രിന്റിങ്ങ് } | ബാൽജിസിന്ധെ |
| പ്രോസസ്സിങ്ങ് } | ഈശ്വർസിങ്ങ് |
| ലാബറട്ടറി | വാസുസ്റ്റുഡിയോ ലാബറട്ടറി |
| സ്റ്റുഡിയോ | പ്രകാശ്, വാസു, വിക്രം |
| നിശ്ചലചിത്രങ്ങൾ | ത്രീസ്റ്റാഴ്സ് (മദ്രാസ്) |
| പ്രൊഡക്ഷൻനിർവ്വഹണം | ജേക്കബ്ബ് |
| മേക്കപ്പ് | എം, ഒ. ദേവസ്യാ |
| വസ്ത്രാലങ്കാരം | ശങ്കർ |
| ചിത്രസംയോജനം | കെ. ശങ്കുണ്ണി |
| സഹായികൾ | മാധവൻ...പുത്രൻ |
| സംവിധാനസഹായികൾ | ചന്ദ്രകുമാർ, മുകുന്ദൻ |
| ഛായാഗ്രഹണം | എസ്സ്. ജെ. തോമസ്സ് |
| നിർമ്മാണം | കൃഷ്ണൻകുട്ടി...വിജയൻ |
| സംവിധാനം | പി. വിജയൻ |

## 'അഴിമുഖ'ത്തെ അലകൾ

കടൽ തന്നെയല്ലേ ജീവിതം.
ജീവിതം തന്നെയല്ലേ കടൽ.

രണ്ടിനും അന്തമില്ല, രണ്ടും അനന്തമാണ്, അജ്ഞാതമാണ്. പുറം പ്രശാന്തസുന്ദരമായിരിക്കുമ്പോൾ, അകം ക്ഷുലംകുത്തിമറിയുകയായിരിക്കും. മുഖത്തു് അത്ഥഗർഭമായ പ്രക്ഷുബ്ധത ഓളം വെട്ടുമ്പോൾ, ആത്മാവിൽ അസാധാരണമായ നിസംഗതപം നിറഞ്ഞു തുളുമ്പി നില്ക്കും.

ഇതു് കടലിൻെറ സ്വഭാവമാണു്.
ഇതു് ജീവിതത്തിൻെറ ഭാവമാണു്.

അഹങ്കാരത്തിൻെറ കരുത്തോടെ ഓടിയെത്തുന്ന തിരമാലകൾ, തീരത്തുമുട്ടി തല്ലിച്ചിതറിപ്പോകുന്നു! ഒരിക്കലല്ല, പലവട്ടം ഒരിക്കലുമവസാനിക്കാത്ത പരിശ്രമത്തിൻെറ അനന്യസാധാരണമായ പ്രതീകമാണു് തിരമാലകൾ.

മനുഷ്യ ജീവിതമോ?

മരിച്ചുവീണ യുഗസന്ധ്യകളുടെ കല്ലറകളിൽ കയറി നിന്നു അവൻ ആവുന്നതുഉറക്കെ വിളിച്ചുപറയുന്നു: ഞങ്ങൾ തോററിട്ടില്ല, തോല്ക്കുകയുമില്ല! അപ്പോഴും മൺമറഞ്ഞ ഇന്നലെയുടെ സ്വപ്നങ്ങൾ അവൻെറ കാൽക്കീഴിൽ ധൂളികളായി തുളിക്കിടക്കുന്നുണ്ടാവും.

അജയ്യമായ ശക്തിയാണു് മനുഷ്യൻ!
അഗാധതയുടെ അനന്തതയാണു് കടൽ!

പ്രപഞ്ചസത്യത്തിലെ വേർതിരിക്കാനാവത്ത രണ്ടു ശക്തികൾ! അവരുടെ ബന്ധത്തിനു് അവരോളം തന്നെ പഴക്കമുണ്ടു്. അത്രയും തന്നെ പഴക്കമുണ്ടു്, അവർ തമ്മിലുള്ള സമരത്തിനും.

ആ സമരകഥ ഇനിയും തീന്നിട്ടില്ല.

ആ സമരത്തിൻെറ ലഹരിയിലാണു് അവർ ജീവിക്കുന്നതു്. ആ സമര വീര്യമാണവരുടെ ജീവവായു. അനിർവചനീയമാണു് അവരനുഭവിക്കുന്ന വികാരഭാരം.

ജയിക്കാൻ വേണ്ടിയല്ല, ഈ സമരം—
തോല്പിക്കാൻ വേണ്ടി!

ആരു് ആരെ തോല്പിച്ചു? ആരു് ആരോടു് ജയിച്ചു?

കല്പാന്തംവരെ രസമവസാനിക്കാത്ത ഉൽണ്ഠാകുലമായ, ഉൽക്കടമായ തുടക്കഥയാണു് ഈ സമരം.

ആ സമരവീര്യത്തിൻെറ തീരം ചേന്നൊഴുകുന്ന, അഴിമുഖത്തിലെ മനുഷ്യ ജീവിതങ്ങൾ!

അഴിമുഖം അവരുടെ കഥയാണു്.

ജയാപജയങ്ങളുടെ— വാശിയുടെ— വൈരാഗ്യത്തിൻെറ—
സ്നിഗ്ദ്ധമധുരമായ സ്നേഹമസൃണതയുടെ—
അഭൌമിക രമ്യമായ വത്സല്യത്തിൻെറ!

ഈ വിഭിന്ന വികാരധാരകൾ തമ്മിലുള്ള സംഘട്ടനം. ആ സംഘട്ടനം വരുത്തിവെച്ച വിനകൾ!

അബുവിൻേയും ഹംസയുടേയും കഥ അതാണ്. സംഘട്ടനത്തിൻെറ നിർദ്ദയമായ പരുക്കുകളേററു തളർന്നു വീണതു് നിരാലംബകളായ രണ്ടു പെൺകുട്ടികൾ — പാറുവും ജമീലയും!

നാം കീറിക്കൊടുക്കുന്ന ചാലുകളിലൂടെ ജീവിതം പലപ്പോഴും ഒഴുകാറില്ല. അതു് അതിൻെറ ഇഷ്ടത്തിനു് ഒഴുകും, ഇഷ്ടപ്പെട്ട വഴിയ്ക്കു്!

നാം ഇതിനെ വിധിയെന്നു് ഓമന പേരിട്ടു വിളിക്കുന്നു. നമ്മുടെ സ്വപ്നങ്ങൾക്കും സങ്കല്പങ്ങൾക്കുമെതിരായി ജീവിതം വഴിമാറി ഒഴുകുമ്പോൾ ദുർബ്ബലനായ മനുഷ്യൻ അഭയം പ്രാപിക്കുന്ന ഗുഹാമുഖത്തിൻെറ പേരാണു് വിധി!

അബു പാറുവിനെ ഇഷ്ടപ്പെട്ടതു്—
ഹംസ ജമീലയെ സ്നേഹിച്ചതു്—
വിധിയായിരുന്നോ?

ഇരുണ്ട യാമങ്ങൾ കൊഴിഞ്ഞു വീഴുന്ന രാത്രിയുടെ കറുത്ത മൂടുപടത്തിൻെറ മറവിൽ വെച്ചു് അബു നാവികനെ വധിച്ചതു്—വിധിയായിരുന്നോ?

എത്ര തിന്നാലും, എത്ര കുടിച്ചാലും വിശപ്പും ദാഹവും തീരാത്ത കടലു് അതും ഏററുവാങ്ങി. ഒഴുകിവീണ ചോരത്തുള്ളികൾ നിമിഷംകൊണ്ടു മാഞ്ഞുപോയി.

നിരപരാധി ശിക്ഷിക്കപ്പെടാമോ?

—ആയിരം കുററവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതു്. അതാണു് നീതിശാസ്ത്രം.

ഇവിടെ നീതിയല്ല പാലിക്കപ്പെടുന്നതു്, നിയമമാണു്. നിയമത്തിൻെറ ഊരാക്കുടുക്കുകളിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞില്ലെങ്കിൽ നീതിയും ശിക്ഷിക്കപ്പെടും.

കൊല ചെയ്തതു് ആരാണെന്ന പ്രശ്നം ഇവിടെ ഇല്ല. നിയമം ആരെ കൊലകാരനാക്കി എന്നതേയുള്ളു.

ദുഃഖത്തിൻെറ നനഞ്ഞ മുഖമുള്ള, നിഷ്ക്കളങ്കനായ ഹംസയാണു് നിയമത്തിൻെറ കെണിയിൽ കുടുങ്ങിയതു്.

എന്നിട്ടും—അബു രക്ഷപ്പെട്ടോ?
അല്ലെങ്കിൽ, ആരാണു രക്ഷപ്പെട്ടതു്—
അബുവോ ഹംസയോ?

സ്വർണ്ണക്കസവു തുന്നിച്ചേർത്ത പാവാടയും മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളുമായി പടിഞ്ഞാറെ ചക്രവാളച്ചെരുവിൽ. വിഷാദത്തിൽ മുങ്ങി വ്രീളാമുഖിയായി നിന്ന സന്ധ്യയുടെ നേരെ തുഴഞ്ഞു നീങ്ങിയ ആ നിഴൽ ആരുടേതാണു്?

അബുവിൻേറയോ— ഹംസയുടേയോ—

ജീവിതവുമായി പടവെട്ടിത്തളർന്ന മനുഷ്യൻേറയോ?

'അഴിമുഖം' ആ കഥയാണു പറയുന്നതു്.

## ഗാനം 1

രചന — ഷാഹുൽഹമീദ്

പാടിയത് — ബാബുരാജ്

അഴിമുഖം കണികാണും പെരുമീനോ
എൻെറ കരളിൽ ചാടിവീണ കരിമീനോ
തുഴമുത്തി വിരിയ്ക്കുന്ന നുണക്കുഴികൾ,
പുഴയെന്നു കടം വാങ്ങി പറയല്ലെ.
അയലത്തെ മുല്ലവള്ളി പൂത്തരാവിൽ
നാണം കസവിട്ട പട്ടുതട്ടം നിലാവുതന്നോ
നിലാവുതന്നോ...
കിനാവിൽ വന്നണഞ്ഞിട്ട്- മറഞ്ഞുപോയി
കരിവള ചിരിച്ചപ്പോൾ ഭയന്നുപോയി.
(അഴിമുഖം...)
ഒരു ബെയ്ത്തു പാട്ടിൻെറ യെശലുമൂളി നിത്യം
വരുവാൻ കൊതിയായി ഖൽബിനുള്ളിൽ
ഖൽബിനുള്ളിൽ...
ഒരു കെസ്സു പാട്ടുപാടി ഉറക്കാം ഞാൻ നിന്നെ
പുതുക്കനൊരം അട്ടത്തെത്തും പുതിയപെണ്ണേ
പുതിയപെണ്ണേ...
(അഴിമുഖം...)

## ഗാനം 2

രചന — ഷാഹുൽഹമീദ്

പാടിയത് — ആൻേറാ

പണ്ടു പണ്ടൊരു മൂത്താപ്പാക്കുണ്ടായൊരുപൂതി
കൊച്ചി പട്ടണം കാണുവാൻ, കൊച്ചി പട്ടണം
കാണുവാൻ
കെട്ടിയോള തന്നുടെ അലിക്കത്ത് വിററിട്ട്,
വിററിട്ട്
മൂപ്പര് അണഞ്ഞൊരു മോന്തിയ്ക്ക്
(പണ്ടുപണ്ടൊരു...)

കപ്പലു്, തോണികാം, സിങ്കളത്തിപ്പെണ്ണുങ്ങാം
സിങ്കളത്തിപ്പെണ്ണുങ്ങളോ?
കപ്പലു്, തോണികാം, സിങ്കളത്തിപ്പെണ്ണുങ്ങാം
മൂത്താപ്പാ കണ്ടന്തം വിട്ടുപോയി.
പള്ളിക്കടുത്തുള്ള കണ്ടനിടവഴിയിലു്
കണ്ടുമുട്ടി ഒരു ഹൂറിയേ, കണ്ടുമുട്ടി ഒരു ഹൂറിയേ
(പണ്ടുപണ്ടൊരു..)
ചാട്ടുളിക്കണ്ണുള്ള മൊഞ്ചത്തിപ്പെണ്ണിനെ
ബീടരാക്കി പുതുമാപ്പിളയായി.
മാമി കൊടുത്ത ബിരിയാണി തിന്നപ്പോാം
മൂത്താപ്പാവീറുള്ള പയ്യനായി (പണ്ടുപണ്ടൊരു...)

## ഗാനം 3

രചന — പാടിയതു്
ഷാഹുൽഹമീദ് — ജാനകി

കറുകവരമ്പത്തു് കൈതപ്പൂ കണ്ടെൻെറ
കരളിലു് കൊതിച്ചതു നേരായി
പുന്നാരം ചൊല്ലി, പുളകങ്ങാം തന്നവൻ
പൂത്താലിയണിയിയ്ക്കും എന്നെ, പൊന്നിൻ
പൂത്താലിയണിയിയ്ക്കും എന്നെ... (കറുകവരമ്പ...)
മനസ്സിൻെറ മുററത്തു്, മൂവന്തിനേരത്തു്,
മാണിക്യ കല്ലൊന്നു വീണു-എന്നു്
മാണിക്യ കല്ലൊന്നു കിട്ടി.
പൊന്നിൻെറ ചെല്ലമെനിക്കില്ല.
ഇതു് കരളിൻെറ ചെപ്പിൽ ഞാനൊളിയ്ക്കും.
(കറുകവരമ്പത്തു്...)
ആരോരുമറിയാത്ത കാരിയങ്ങാം
നാളെ പാടിനടക്കും മാളോരു്
ഞങ്ങാം വിതച്ച കിനാവുകാം ഒന്നിച്ചു്
കൊയ്യും, മെതിയ്ക്കും, പിന്നെ
തെയ്യന്നം പാട്ടുകാം പാടും (കറുകവരമ്പത്തു്...)

## ഗാനം 4

രചന | പാടിയതു്
--- | ---
മങ്കൊമ്പു ഗോപാലകൃഷ്ണൻ | യേശുദാസ്

കലിയോടു കലികൊണ്ട കടലലകൾ
കരയിലേക്കലറി കൊണ്ടടുക്കുന്നു
അരഞ്ഞൊടടിക്കുള്ളലീതീരത്തിൽ
അവസാനം തലതല്ലി തകരുന്നു.

കലിയോടു കലികൊണ്ട കടലലകൾ
മരണവും ജനനവുമീ തീരത്തു വന്നിരുന്നു
മണ്ണപ്പം ചുട്ടു കളിക്കുന്നു.
മുഖത്തോടുമുഖം നോക്കമുദയാസ്തമയങ്ങൾ
മൂടുപടത്തിനുള്ളിലൊളിക്കുന്നു. (കലിയോടു...)

ആഴവും പരപ്പും മുന്നിൽ ജീവിതം
അഴിമുഖം പോലെയാണിവിടെ
കൈകോർത്തു പിടിക്കുന്നു. കൈവഴിപിരിയുന്നു
കണ്ണീരുമാത്രമാണൊടുവിൽ
ഈ കണ്ണുനീർ മാത്രമാണൊടുവിൽ

## ഗാനം 5

രചന | പാടിയതു്
--- | ---
മങ്കൊമ്പു ഗോപാലകൃഷ്ണൻ | ഈശ്വരി

അരികിൽ അമൃത കുംഭം
അചുംബിതമെൻ ഹൃദന്തം
അതിലും മധുരം അധരം
അതിഥീ എന്നെ പ്പുണരൂ. (അരികിൽ...)
മുന്നിൽ ഞാൻ സുരസുന്ദരീ
മുകന്നാലുന്മാദലഹരീ
പുളകം മെയ്യിലുണരാൻ
പുണരൂ, എന്നെ പുണരൂ (അരികിൽ...)

ഇതാ... ഇതാ... ഇതാ...
പുഷ്പതല്പമിതാ...
ഇതിലുറങ്ങ്, പ്രിയനുറങ്ങ്
ഈ വെളിച്ചം ഞാനന്നെഴ്ലാം...
ഇവിടം ഇവിടമാണിനി സ്വർഗ്ഗം. സ്വർഗ്ഗം
(അരികിൽ...)

## ഗാനം 6

രചന
മങ്കൊമ്പ് ഗോപാലകൃഷ്ണൻ

പാടിയത്
ജാനകി

ഓരില ഈരില കാട്ടുറങ്ങി
ഓമന തിങ്കൾക്കുടമുറങ്ങി
ആശതൻ ആരംഭ പൂമോനേ
ആരോമലെ നീ ഉറങ്ങുറങ്ങ്. (ഓരില ഈരില...)

ബാപ്പയുണ്ടെങ്കിൽ തന്നേനെ കയ്യിൽ
വാനത്തമ്പിളി ആജിയാരെ
പുറന്നാളൂട്ടി വളർത്തിയേനെ നിന്നെ
പൂന്നാരം ചാർത്തി ഒരുക്കിയേനേ
(ഓരില ഈരില...)

കണ്ണീർ കുടിയ്ക്കാനീ ദുനിയാവിൽ
എൻെറ ഖൽബിലെ കനിയായ് നീ പിറന്നു
കണ്മണിയായ് നീ വളരേണം
എൻ കണ്ണീർ തുടയ്ക്കാൻ വളരേണം
(ഓരില ഈരില...)

# വരുന്നു

സിന്ദൂരച്ചെപ്പിനുശേഷം
അഞ്ജന അവതരിപ്പിക്കുന്ന
എൻ. പി. മുഹമ്മദിന്റെ

## മരം

സംവിധാനം : യൂസഫലി കേച്ചേരി
നസീർ, ഉമ്മർ, ജയഭാരതി, ലളിത, ബഹദൂർ *etc.*

&

സരസ്വതി ചിത്രാസ്

## കതിർ മണ്ഡപം

മധു, രാഘവൻ, വിൻസന്റ്, വിജയശ്രീ,
സുജാത, ഭാസി, ബഹദൂർ
സംവിധാനം : ദാസ്


Chandralekha Printers, Cochin-18